**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1633 — 03.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കൽ

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കുന്നതിനുള്ള നടപടികൾ സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; ഏത് ഏജൻസിക്കാണ് ചുമതല നൽകിയിരിക്കുന്നത്; | (എ) | ഉണ്ട്. FINO PAYTECH LTD, SMART IT SERVICES PVT LTD, MEDSAVE HEALTH INSURANCE TPA LTD എന്നീ കമ്പനികൾക്കാണ് നൽകിയിരിക്കുന്നത്. |
| (ബി) | 2012-ലെ സർക്കാർ ഉത്തരവ് പ്രകാരം കാർഡ് പുതുക്കലും രജിസ്ട്രേഷനും അക്ഷയ കേന്ദ്രങ്ങൾ വഴി മാത്രമേ നടത്താവൂ എന്നിരിക്കെ സർക്കാർ ഉത്തരവ് ലംഘിച്ച് സ്വകാര്യ ഏജൻസിയ്ക്ക് നൽകിയത് പുന:പരിശോധിക്കുമോ; | (ബി) | ആർ.എസ്.ബി.വൈ പദ്ധതിക്ക് വേണ്ടി രജിസ്ട്രേഷൻ നടത്തേണ്ടത് സംസ്ഥാന സർക്കാരിന്റെ ചുമതലയാണ്, 16.05.2012 ലെ ജി.ഒ.(എം.എസ്)70/2012/തൊഴിൽ നമ്പർ പ്രകാരം അക്ഷയ കേന്ദ്രത്തിനാണ് ടി പ്രക്രിയ നൽകി വരുന്നത്. പക്ഷേ, ആരോഗ്യ കാർഡ് വിതരണവും, പുതുക്കലും കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം ഇൻഷുറൻസ് കമ്പനിക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച സ്മാർട്ട് കാർഡ് സേവന ദാതാവിനെ മാത്രമേ ചുമതലപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. നിലവിൽ അക്ഷയ കേന്ദ്രങ്ങൾക്കു ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചതായി അറിവില്ല. |
| (സി) | ചിയാക് ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാടുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | ചിയാക്ക്, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പ്രകാരമാണ് പദ്ധതി നിർവ്വഹണം നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ